**കേരള സർക്കാർ**

**സംഗ്രഹം**

ചാത്തന്നൂർ സബ് ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റിവരുന്ന ശ്രീ.ബാബു.എസ് (പി.പി.ഒ നം.111595717), ശ്രീ. ശശിധരൻ പിള്ള.സി (പി.പി.ഒ നം.110951707) എന്നിവർക്ക് പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2097/2023/ധന.** **തിരുവനന്തപുരം, തീയതി, 18/03/2023**

---

പരാമർശം:- 1. ട്രഷറി ഡയറക്ടറുടെ 29.10.2022-ലെ TRY/4222/2022-P2 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറലിന്റെ 03.01.2023-ലെ PMII/General/0207756/2022-23 നമ്പർ കത്ത്.

**ഉത്തരവ്**

ചാത്തന്നൂർ സബ് ട്രഷറി മുഖേന പെൻഷൻ വാങ്ങുന്ന ശ്രീ. ബാബു എസ് (പി.പി.ഒ നം.111595717)-ന് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ ആതറൈസേഷൻ അനുസരിച്ച് 02/2015 മുതൽ 06/2019 വരെയുള്ള കാലയളവിലെ പെൻഷൻ പരിഷ്കരണ കുടിശ്ശികയായ 3,37,410/- രൂപയും, ശ്രീ.ശശിധരൻ പിള്ള സി-യ്ക്ക് (പി.പി.ഒ നം. 110951707) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ ആതറൈസേഷൻ അനുസരിച്ച് 01.02.2010 മുതൽ 30.06.2019 വരെയുള്ള കാലയളവിലെ പെൻഷൻ പരിഷ്കരണ കുടിശ്ശികയായ 4,85,913/- രൂപയും നൽകുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി ട്രഷറി ഡയറക്ടർ പരാമർശം (1) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ബാബു.എസ്-ന് (പി.പി.ഒ നം.111595717) ഗസറ്റഡ് തസ്തികയിലെ പരിഷ്കരിച്ച ശമ്പളം മുൻകാല പ്രാബല്യത്തോടെ അനുവദിക്കാൻ ഉത്തരവായതിനാലും ശ്രീ.ശശിധരൻ പിള്ള സി-യ്ക്ക് (പി.പി.ഒ നം.110951707) 17.08.2019 തീയതിയിലെ സ.ഉ(സാധാ)നം.588/2019/ജ.വി.വ പ്രകാരം മുൻകാല CLR സർവ്വീസ് റഗുലർ സർവ്വീസിനോടൊപ്പം പരിഗണിക്കാൻ ഉത്തരവായതിനാലുമാണ് പെൻഷൻ പരിഷ്കരിക്കേണ്ടി വന്നതെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.ബാബു.എസ്-ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ലഭ്യമായ ആതറൈസേഷൻ അനുസരിച്ച് 02/2015 മുതൽ 06/2019 വരെയുള്ള കാലയളവിലെ പെൻഷൻ പരിഷ്കരണ

കുടിശ്ശികയായ 3,37,410/- രൂപയും ശ്രീ. ശശിധരൻ പിള്ള സി-യ്ക്ക് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ലഭ്യമായ ആതറൈസേഷൻ അനുസരിച്ച് 01.02.2010 മുതൽ 30.06.2019 വരെയുള്ള കാലയളവിലെ പെൻഷൻ പരിഷ്കരണ കുടിശ്ശികയായ 4,85,913/- രൂപയും 2023 ഏപ്രിൽ മാസത്തെ പെൻഷനോടൊപ്പം അനുവദിക്കുന്നതിനു ട്രഷറി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷിബു.എ**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് : പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ചാത്തന്നൂർ.
ശ്രീ. ബാബു എസ്, ഇന്ദീവരം, കൈതക്കുഴി, കുമ്മല്ലൂർ പി.ഒ, കൊല്ലം - 691573.
ശ്രീ. ശശിധരൻ പിള്ള സി, ചാരുവിള പുത്തൻവീട്, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ, കൊല്ലം - 691572
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-2040361).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ